"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആസൂത്രണ സാമ്പത്തികകാര്യ (വകുപ്പ്)- കേരള ഡെവലപ്മെന്റ് ആന്റ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ- യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം 2022 പദ്ധതിക്ക് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ ( ഇന്നൊവേഷൻ & ഡെവലപ്മെന്റ് ) വകുപ്പ്**

സ.ഉ.(കൈ) നം.4/2022/PLG&EA (DVPMT & INNOVATION) തീയതി,തിരുവനന്തപുരം, 03-12-2022

---

പരാമർശം:- കെഡിസ്ക് മെമ്പർ സെക്രട്ടറി സമർപ്പിച്ച 12.07.2022 ലെ വിശദമായ പദ്ധതി റിപ്പോർട്ട്

**ഉത്തരവ്**

കേരള ഡെവലപ്മെന്റ് ആന്റ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ മുൻനിര പദ്ധതിയായ യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാമിന്റെ പുതിയ പതിപ്പായ യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം 2022 സർക്കാരിന്റെ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പാക്കുന്നതിലേക്കായി പരാമർശം പ്രകാരം വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2) സർക്കാർ സ്കൂളുകൾ, കോളേജുകൾ, നോൺ-ടെക്നിക്കൽ & പോളിടെക്നിക് തുടങ്ങിയ സ്ഥാപനങ്ങളുടെ പങ്കാളിത്തവും സ്കൂളുകളിലും കോളേജുകളിലും നൂതന സംസ്കാരം വളർത്തുന്നതിന് അദ്ധ്യാപകർക്ക് ചുമതലയും ഉടമസ്ഥതയും നൽകുവാനും പെൺകുട്ടികൾ, പട്ടികജാതി/പട്ടികവർഗക്കാർ, മത്സ്യത്തൊഴിലാളി കുടുംബങ്ങൾ, ഭിന്നശേഷിക്കാർ എന്നീ വിഭാഗങ്ങളിൽ നിന്നുള്ളവരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാനും YIP 2022 പദ്ധതി ലക്ഷ്യമിടുന്നു.

3) സർക്കാർ, മുകളിൽ പരാമർശിക്കപ്പെട്ടിരിക്കുന്ന പദ്ധതി റിപ്പോർട്ടിലെ കാര്യങ്ങൾ വിശദമായി പരിശോധിച്ചു. വൈ ഐ പി 2022 പദ്ധതി, ചുവടെ വിവരിക്കുന്ന പ്രവർത്തനങ്ങളിലൂടെ, വിവിധ സർക്കാർ വകുപ്പുകളുടെയും സർവ്വകലാശാലകളുടെയും മറ്റ് ഏജൻസികളുടെയും സമ്പൂർണ്ണ സഹകരണത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

1. കോളേജുതല വൈ ഐ പി പരിപാടിയ്ക്കു വേണ്ടി യഥാർത്ഥ ജീവിത പ്രശ്നങ്ങൾ കണ്ടെത്താനായി സർക്കാർ വകുപ്പുകളുടെ ജില്ലാതല ശില്പശാലകൾ ജില്ലാ ഇന്നൊവേഷൻ കൗൺസിലുകളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കേണ്ടതാണ്.
2. വിവിധ സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ജില്ലാതല ശില്പശാലകളിൽ പങ്കെടുപ്പിക്കേണ്ടതാണ്.
3. വകുപ്പുതല ശില്പശാലകളുടെ തുടർച്ചയായി വിദ്യാഭ്യാസ മേഖലയിൽ നിന്നുള്ള വിവരങ്ങൾ കൊണ്ട് പ്രോബ്ലം ഷെൽഫുകളെ ഒന്നുകൂടി മികച്ചതാക്കുവാൻ വേണ്ടി കോളേജ് വിദ്യാഭ്യാസ

ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ആയുർവ്വേദ വിദ്യാഭ്യാസ ഡയറക്ടർ, ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസ പ്രിൻസിപ്പൽ ആൻഡ് കൺട്രോളിങ് ഓഫീസർ എന്നിവർ ചേർന്ന് ഫാക്കൽട്ടി ശില്പശാലകൾ സംഘടിപ്പിക്കേണ്ടതാണ്.

4. വൈ ഐ പി യിൽ നൂതനാശയ രൂപീകരണത്തിനായി വിദ്യാർത്ഥികളെ സഹായിക്കാൻ വേണ്ടി വിരമിച്ച ഉദ്യോഗസ്ഥരേയും സന്നദ്ധരായ സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥരേയും കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസിൽ, താൽപ്പര്യമുള്ള മറ്റ് ഉദ്യോഗസ്ഥരെയും പങ്കെടുപ്പിക്കേണ്ടതാണ്.
5. സർവ്വകലാശാലകളിലെ ഇന്നൊവേഷൻ കൗൺസിലുകളുടെ പ്രവർത്തനത്തെ സർവ്വകലാശാല വിഭാഗങ്ങളിലെയും കോളേജുകളിലെയും വൈ ഐ പി പരിപാടിയുമായി സമന്വയിപ്പിക്കേണ്ടതാണ്.
6. കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഭാഗമായി വികസിപ്പിച്ചിട്ടുള്ള കോളേജുകളിലെ ഇന്നൊവേഷൻ ആൻഡ് എന്റർപ്രെണർഷിപ്പ് സെന്ററുകളെയും (IEDC) റിസെർച്ച് ഇന്നൊവേഷൻ നെറ്റ്‌വർക്ക് കേരളയെയും (RINK) കോളേജുകളിലെ വൈ ഐ പി നടത്തിപ്പിനായി സംയോജിപ്പിക്കേണ്ടതാണ്.
7. കോളേജുകളിലെയും പോളിടെക്‌നിക്കുകളിലെയും IEDC കളെ വൈ ഐ പി ക്ലബ്ബുകളുമായി സംയോജിപ്പിക്കേണ്ടതാണ്.
8. കോളേജുകളിൽ വ്യവസായ വകുപ്പ് നടത്തുന്ന എന്റർപ്രെണർഷിപ്പ് ഡെവലപ്പ്മെന്റ് സെല്ലുകളെ (ED) വൈ ഐ പി ക്ലബ്ബുകളുമായി സംയോജിപ്പിക്കേണ്ടതാണ്.
9. സമഗ്ര ശിക്ഷ കേരളയുമായി സംയോജിപ്പിച്ച് നടത്തുന്ന വൈ ഐ പി - ശാസ്ത്രപഥം പരിപാടിയിലെ ബ്ലോക്ക്, ജില്ലാ തലങ്ങളിലെ ശില്പശാലകളിൽ അൺഎയ്ഡഡ് സ്കൂളുകളിൽ നിന്നുള്ള ആശയ സമർപ്പണം നടത്തുന്ന ടീമുകളെ, കെ-ഡിസ്ക് അവരുടെ ചെലവ് വഹിക്കുമെന്നുള്ള വ്യവസ്ഥയിൽ ഉൾപ്പെടുത്തേണ്ടതാണ്.
10. ഡിപ്പാർട്ട്മെന്റ് ഓഫ് എംപ്ലോയ്മെന്റ് ആൻഡ് ട്രെയിനിങ്ങിനു വേണ്ടിയുള്ള വൈഐപി പരിപാടി Kerala Academy for Skills Excellence (KASE) ന്റെയും Directorate of Employment and Training (DET) ന്റെയും പിന്തുണയോടെ ദേശീയ, അന്തർദേശീയ സ്കിൽഫെസ്റ്റിന്റെ മാതൃകയിൽ സംഘടിപ്പിക്കേണ്ടതാണ്.

4) യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം 2022 ന്റെ വിശദമായ രൂപ രേഖ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പദ്ധതി നിർവ്വഹണത്തിനാവശ്യമായ തുക 3451-00-092-92-K-DISC-34-03-Other Item (P/V) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.കെ.എം.എബ്രഹാം
EX-OFFICIO SECRETARY

1. സർവ്വകലാശാല വൈസ് ചാൻസലർമാർ

2. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യം/ആരോഗ്യ-കുടുംബക്ഷേമം/ എസി.എസ്-എസ്.ടി. വകുപ്പുകൾ

3. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസം/ആരോഗ്യ-കുടുംബക്ഷേമം/വ്യവസായം/ഉന്നത വിദ്യാഭ്യാസം/ഫിഷറീസ്/ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പുകൾ

4. സെക്രട്ടറി,തൊഴിലും നൈപുണ്യവും വകുപ്പ്

5. പൊതുഭരണ (എസ് സി) വകുപ്പ്

6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരളം,തിരുവനന്തപുരം.

7. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-I), കേരളം,തിരുവനന്തപുരം.

8. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II), കേരളം,തിരുവനന്തപുരം.

9. മെമ്പർ സെക്രട്ടറി,കെഡിസ്ക്, തിരുവനന്തപുരം.

10. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

11. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

12. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

13. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

14. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

15. ഹോമിയോ വിദ്യാഭ്യാസ പ്രിൻസിപ്പൽ ആൻഡ് കൺട്രോളിങ് ഓഫീസർ, തിരുവനന്തപുരം.

16. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റാർട്ട് അപ്പ് മിഷൻ,തിരുവനന്തപുരം

17. മാനേജിങ് ഡയറക്ടർ, കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ്,തിരുവനന്തപുരം.

18.ഡയറക്ടർ, എംപ്ലോയ്മെന്റ് & ട്രെയിനിംഗ്, തിരുവനന്തപുരം.

19.ഡയറകടർ, സമഗ്ര ശിക്ഷ കേരള,തിരുവനന്തപുരം.

20.ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ് ,തിരുവനന്തപുരം

21.ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ICTAK,തിരുവനന്തപുരം.

22. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

23.കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 30-11-2022

ഫയൽ നം. SECINV/17/2022/PLGEA-INV. ഇനം നം: 1220

**വിഷയം** : ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം 2022 എന്ന പദ്ധതി വിവിധ സർക്കാർ വകുപ്പുകളുടേയും സർവ്വകലാശാലകളുടെയും മറ്റ് ഏജൻസികളുടെയും സമ്പൂർണ്ണ സഹകരണത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്നത്.

**തീരുമാനം** : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

എക്സ്-ഒഫീഷ്യോ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ (ഡെവലപ്മെന്റ് & ഇന്നൊവേഷൻ) വകുപ്പ്.

MS(KDISC)
Pl issue G.O urgently
30/11/22

ED(MS)
kindly submit draft GO
Unnikrishnan PV

| കേരള സർക്കാർ<br>(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)<br>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ് | | |
|---|---|---|
| 1. | ഫയൽ നമ്പർ | SECINV/17/2022/PLGEA-INV |
| 2. | വകുപ്പ് | ആസൂത്രണ സാമ്പത്തിക കാര്യ (ഡെവലപ്മെന്റ് & ഇന്നൊവേഷൻ) വകുപ്പ് |
| 3. | വിഷയം | യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം 2022 എന്ന പദ്ധതി വിവിധ സർക്കാർ വകുപ്പുകളുടെയും സർവ്വകലാശാലകളുടെയും മറ്റ് ഏജൻസികളുടെയും സമ്പൂർണ്ണ സഹകരണത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 05.11.2022 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അല്ല |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | ബാധകമല്ല (ധനകാര്യ വകുപ്പ് മന്ത്രി പദ്ധതി ശിപാർശ ചെയ്തിട്ടുണ്ട്) |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. |
| 7. | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. പി.പി. സജിത |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ഡോ. കെ.എം.എബ്രഹാം<br>എക്സ് ഒഫീഷ്യോ സെക്രട്ടറി<br>ആസൂത്രണ സാമ്പത്തിക കാര്യ (ഡെവലപ്മെന്റ് & ഇന്നൊവേഷൻ) വകുപ്പ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 15.11.2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 22.11.2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 29.11.2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 29.11.2022 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1) കേരള ഡെവലപ്പ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ മുൻനിര പദ്ധതിയാണ് യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം. വിജ്ഞാന പ്രേരകമായ ഈ പദ്ധതി, യഥാർത്ഥ ജീവിത പ്രശ്നപരിഹാരവും ആഗോള വെല്ലുവിളികളിലും കേരളത്തിന്റെ രണ്ടാം തലമുറ വികസന പ്രശ്നങ്ങളിലും പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിനുള്ളിലെ കൂട്ടായ പ്രാദേശിക പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി അവയെ പ്രസക്തവും ഭാവിയെ മുൻകൂട്ടി കണ്ടുകൊണ്ടുള്ളതുമാകുന്നു.

2) 2018 മുതൽ പ്രചാരത്തിലുള്ള YIP പരിപാടിയ്ക്ക് നാളിതു വരെ നാല് പതിപ്പുകളുണ്ടായിട്ടുണ്ട്. കേരള സ്റ്റാർട്ടപ്പ് മിഷന്റെയും (KSUM) ഐസിടി അക്കാഡമി ഓഫ് കേരളയുടെയും (ICTAK) പങ്കാളിത്തത്തോടെ സംഘടിപ്പിക്കുന്ന പരിപാടിയ്ക്ക് മൂന്ന് തലങ്ങളുള്ള കർശനമായ ഗേറ്റഡ് എക്സിറ്റ് പരിപാടിയുടെ ഘടനയാണുള്ളത്. ഇതേത്തുടർന്ന് നോർമൽ, ആക്സിലറേറ്റഡ്, റാപ്പിഡ് എന്നീ ഇന്നൊവേഷൻ ട്രാക്കുകളിലുള്ള ചലഞ്ചുകളെ അടിസ്ഥാനമാക്കി ഘട്ടം ഘട്ടമായുള്ള എക്സിറ്റുകളോടു കൂടിയ 3 വർഷം വരെ നീളാവുന്ന മെന്ററിങ് നൽകുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ അധ്യക്ഷരായുള്ള ജില്ലാ ഇന്നൊവേഷൻ കൗൺസിലുകൾ ബന്ധിപ്പിക്കുന്ന ഗവേഷണ, അക്കാദമിക സ്ഥാപനങ്ങളും സൗജന്യമായി സേവനം ചെയ്യുന്ന വിദഗ്ധരടങ്ങുന്ന കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസുകളുടെ സംഘടനകളും ചേർന്നുള്ള ഒരു ഇന്നൊവേഷൻ ആവാസവ്യവസ്ഥ ഈ പ്രോഗ്രാമിനെ പിന്തുണയ്ക്കുന്നുണ്ട്. ആശയ സമർപ്പണം, സ്ഥാപനങ്ങളെ ബന്ധിപ്പിക്കൽ, ചലഞ്ചുകൾ, മൂല്യനിർണ്ണയം, മെന്റർ - മെന്റി പരസ്പരപ്രവർത്തനം എന്നിവയ്ക്കായി ഒരു വെബ്ബധിഷ്ഠിത ഇലക്ട്രോണിക് സംവിധാനം നിലവിലുണ്ട്.

3) YIP 2018-ൽ 17 വ്യക്തിഗത വിജയികളെ കണ്ടെത്തി. വൈ ഐ പിയിൽ ഇതുവരെ 12,000 ടീമുകളാണ് പങ്കെടുത്തിരിക്കുന്നത്. ഏകദേശം 100 വിപണന ആശയങ്ങൾ പണിപ്പുരയിലുണ്ട്. 110 ലധികം മെന്റർമാർ, വിദ്യാർത്ഥികളായ ഇന്നൊവേറ്റർമാർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നു. YIP 2019-ൽ 16 വിജയികളായ ടീമുകൾ ഉണ്ടായിരുന്നു. YIP 2020-ൽ, സംസ്ഥാന തലത്തിൽ വിജയിച്ച ടീമുകളുടെ എണ്ണം 81 ആണ്. വൈ ഐ പിയുടെ ഓരോ പുതിയ പതിപ്പിലും ഇന്നൊവേറ്റർമാർക്കും മെന്റർമാർക്കും മൂല്യനിർണ്ണയക്കാർക്കും മറ്റ് പങ്കാളികൾക്കും വാഗ്ദാനം ചെയ്യുന്ന മൂല്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിഷ്ക്കരണങ്ങൾ കൊണ്ടുവരുന്നത്. ഡൊമെയ്ൻ,

ടെക്നോളജി, ബൗദ്ധിക സ്വത്ത് സംരക്ഷണം, ബിസിനസ് പ്ലാൻ രൂപീകരണം, പ്രോട്ടോടൈപ്പിംഗ്/ പ്രൊഡക്ടൈസേഷൻ എന്നിവയിൽ മെന്ററിംഗ് നൽകുന്നു.

4) YIP-യുടെ ഏറ്റവും പുതിയ പതിപ്പിൽ, അതായത് YIP 2021 ൽ, 9404 ടീമുകൾ ആശയങ്ങൾ രജിസ്റ്റർ ചെയ്യുകയും 1318 ടീമുകൾ പ്രാഥമിക മൂല്യനിർണ്ണയത്തിന് ശേഷം ഷോർട്ട്ലിസ്റ്റ് ചെയ്യപ്പെടുകയും ചെയ്തു. 15% ആശയങ്ങൾ മാത്രമാണ് സർക്കാർ സ്കൂളുകളിൽ നിന്നും കോളേജുകളിൽ നിന്നുമുള്ളതെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. എസ് സി/ എസ് ടി, മത്സ്യത്തൊഴിലാളി കുടുംബങ്ങൾ, ഭിന്നശേഷിക്കാർ എന്നിവരുൾപ്പെടെയുള്ള പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ പങ്കാളിത്തം കുറവാണ്. പെൺകുട്ടികളുടെ പങ്കാളിത്തവും 10 ശതമാനത്തിൽ താഴെയാണ്.

5) ഇക്കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് തയ്യാറാക്കിയ, YIP 2022 പദ്ധതി ലക്ഷ്യമിടുന്നത് ഇനിപ്പറയുന്നവയാണ്.

1) സർക്കാർ സ്കൂളുകൾ, കോളേജുകൾ, നോൺ-ടെക്നിക്കൽ & പോളിടെക്നിക് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള പങ്കാളിത്തം;

2) സ്കൂളുകളിലും കോളേജുകളിലും നൂതന സംസ്കാരം വളർത്തുന്നതിന് അദ്ധ്യാപകർക്ക് ചുമതലയും ഉടമസ്ഥതയും;

3) പെൺകുട്ടികൾ, പട്ടികജാതി/പട്ടികവർഗക്കാർ, മത്സ്യത്തൊഴിലാളി കുടുംബങ്ങൾ, ഭിന്നശേഷിക്കാർ എന്നീ വിഭാഗങ്ങളിൽ നിന്നുള്ളവരുടെ പങ്കാളിത്തം വർദ്ധിപ്പിക്കൽ.

കൂടാതെ, സ്ഥാപനങ്ങൾക്കായി ലളിതവും വ്യത്യസ്തവുമായ ഒരു പ്രക്രിയ വിഭാവനം ചെയ്തിട്ടുണ്ട്.

6) ഈ പശ്ചാത്തലത്തിൽ, പൊതു വിദ്യാഭ്യാസത്തിനും ഉന്നത വിദ്യാഭ്യാസത്തിനും കീഴിൽ വരുന്ന സ്ഥാപനങ്ങളുടെ ഫലപ്രദമായ ഒന്നിച്ചുകൂടലിനു വേണ്ടി കെ-ഡിസ്ക് പൊതു വിദ്യാഭ്യാസ ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ഹോമിയോ വിദ്യാഭ്യാസ പ്രിൻസിപ്പൽ ആൻഡ് കൺട്രോളിങ് ഓഫീസർ, എംപ്ലോയ്മെന്റ് ആൻഡ് ട്രെയിനിംഗ് ഡയറക്ടർ, സർവ്വകലാശാല വൈസ് ചാൻസലർമാർ, പൊതു വിദ്യാഭ്യാസ സെക്രട്ടറി, തൊഴിൽ നൈപുണ്യ സെക്രട്ടറി എന്നിവരുമായി പ്രത്യേകമായും സംയുക്തമായും കൂടിയാലോചനകൾ

നടത്തുകയുണ്ടായി. വിദ്യാഭ്യാസ വകുപ്പുകളുടെയും സർവ്വകലാശാലകളുടെയും പ്രതികരണത്തിന്റെ അടിസ്ഥാനത്തിൽ വൈഐപി 2022 നു വേണ്ടി ഒരു സ്കീം മുന്നോട്ട് വയ്ക്കുകയുണ്ടായി. ഇതിൻപ്രകാരം പരിപാടിയിൽ പങ്കെടുക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഓരോന്നിനേയും അവയുടേതായ പ്രത്യേക പ്രക്രിയകളുള്ള നാല് വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു. അതിൻപ്രകാരം, വിദ്യാർത്ഥികൾ സമർപ്പിക്കുന്ന ആശയങ്ങൾ ബ്ലോക്ക്, ജില്ലാ, മേഖല, സംസ്ഥാന തലങ്ങളിൽ തെരഞ്ഞെടുപ്പിന് വിധേയമാകും. 2022 നവംബർ മധ്യത്തിൽ ആരംഭിച്ച് 2023 മേയ് മാസത്തോട് കൂടി അന്തിമ വിജയികളെ കണ്ടെത്തുന്ന വിധത്തിലാണ് പരിപാടി ആസൂത്രണം ചെയ്തിരിക്കുന്നത്. വൈ ഐ പിയെ അവരുടെ അക്കാദമിക, നൈപുണ്യ വികസന പരിപാടികളുമായി സംയോജിപ്പിക്കുന്നത് സംബന്ധിച്ച് എംപ്ലോയ്മെന്റ് ആൻഡ് ട്രെയിനിംഗ് ഡയറക്ടർ, ഐടിഐ പ്രിൻസിപ്പാൾമാർ എന്നിവരുമായി 2022 ഒക്ടോബർ 19 ന് ചർച്ച നടത്തിയിരുന്നു. വൈഐപി യുടെ ഇന്നൊവേഷൻ ആവാസവ്യവസ്ഥയെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയുമായി സംയോജിപ്പിക്കുന്നതു സംബന്ധിച്ച് KSUM മായി 2022 നവംബർ 1 ന് ചർച്ച നടത്തുകയുമുണ്ടായി.

7) വൈ ഐ പി 2022 സ്കീമിന് പൊതുവിദ്യാഭ്യാസ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ്, തൊഴിൽ വകുപ്പ് എന്നീ വകുപ്പുകളുടെ അനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ YIP 2022 ന്റെ സ്കീമിന്റെ സമയരേഖയിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. അതോടൊപ്പം പരിപാടി സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകൾക്ക് വേണ്ടി, ബ്ലോക്ക്, ജില്ലാ തലങ്ങളിൽ വൈ ഐ പി - ശാസ്ത്രപഥം എന്ന പേരിൽ നടത്താൻ സമഗ്ര ശിക്ഷ കേരള ഡയറക്ടറും കെ-ഡിസ്ക്ക് മെമ്പർ സെക്രട്ടറിയും പൊതു വിദ്യാഭ്യാസ ഡയറക്ടറും ചേർന്ന് ചർച്ച ചെയ്തു തീരുമാനിച്ചിട്ടുണ്ട്.

8) ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരുന്നില്ല. എന്നിരുന്നാലും, ഈ ഫയൽ ബഹു.ധനകാര്യ വകുപ്പ് മന്ത്രി കണ്ട് അനുമതി നൽകിയിട്ടുള്ളതുമാണ്.

9) വൈ ഐ പി 2022 പദ്ധതിയുടെ ലക്ഷ്യ പൂർത്തീകരണത്തിനായി ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

I. കോളേജുതല വൈ ഐ പി പരിപാടിയ്ക്കു വേണ്ടി യഥാർത്ഥ ജീവിത പ്രശ്നങ്ങൾ കണ്ടെത്താനായി സർക്കാർ വകുപ്പുകളുടെ ജില്ലാതല

ശില്പശാലകൾ ജില്ലാ ഇന്നൊവേഷൻ കൗൺസിലുകളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുക.

II. വിവിധ സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ജില്ലാതല ശില്പശാലകളിൽ പങ്കെടുപ്പിക്കുക.

III. വകുപ്പുതല ശില്പശാലകളുടെ തുടർച്ചയായി വിദ്യാഭ്യാസ മേഖലയിൽ നിന്നുള്ള വിവരങ്ങൾ കൊണ്ട് പ്രോബ്ലം ഷെൽഫുകളെ ഒന്നുകൂടി മികച്ചതാക്കുവാൻ വേണ്ടി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ആയുർവ്വേദ വിദ്യാഭ്യാസ ഡയറക്ടർ, ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസ പ്രിൻസിപ്പൽ ആൻഡ് കൺട്രോളിങ് ഓഫീസർ എന്നിവർ ചേർന്ന് ഫാക്കൽട്ടി ശില്പശാലകൾ സംഘടിപ്പിക്കുക.

IV. വൈ ഐ പി യിൽ നൂതനാശയ രൂപീകരണത്തിനായി വിദ്യാർത്ഥികളെ സഹായിക്കാൻ വേണ്ടി വിരമിച്ച ഉദ്യോഗസ്ഥരേയും സന്നദ്ധരായ സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥരേയും കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസിൽ, താൽപ്പര്യമുള്ള മറ്റ് ഉദ്യോഗസ്ഥരെയും പങ്കെടുപ്പിക്കുക.

V. സർവ്വകലാശാലകളിലെ ഇന്നൊവേഷൻ കൗൺസിലുകളുടെ പ്രവർത്തനത്തെ സർവ്വകലാശാല വിഭാഗങ്ങളിലെയും കോളേജുകളിലെയും വൈ ഐ പി പരിപാടിയുമായി സമന്വയിപ്പിക്കുക.

VI. കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഭാഗമായി വികസിപ്പിച്ചിട്ടുള്ള കോളേജുകളിലെ ഇന്നൊവേഷൻ ആൻഡ് എന്റർപ്രെണർഷിപ്പ് സെന്ററുകളെയും (IEDC) റിസെർച്ച് ഇന്നൊവേഷൻ നെറ്റ്‌വർക്ക് കേരളയെയും (RINK) കോളേജുകളിലെ വൈ ഐ പി നടത്തിപ്പിനായി സംയോജിപ്പിക്കുക.

VII. കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും IEDC കളെ വൈ ഐ പി ക്ലബ്ബുകളുമായി സംയോജിപ്പിക്കുക.

VIII. കോളേജുകളിൽ വ്യവസായ വകുപ്പ് നടത്തുന്ന എന്റർപ്രെണർഷിപ്പ് ഡെവലപ്പ്മെന്റ് സെല്ലുകളെ (ED) വൈ ഐ പി ക്ലബ്ബുകളുമായി സംയോജിപ്പിക്കുക.

IX. സമഗ്ര ശിക്ഷ കേരളയുമായി സംയോജിപ്പിച്ച് നടത്തുന്ന വൈ ഐ പി - ശാസ്ത്രപഥം പരിപാടിയിലെ ബ്ലോക്ക്, ജില്ലാ തലങ്ങളിലെ ശില്പശാലകളിൽ അൺഎയ്ഡഡ് സ്കൂളുകളിൽ നിന്നുള്ള ആശയ സമർപ്പണം നടത്തുന്ന ടീമുകളെ, കെ-ഡിസ്ക് അവരുടെ ചെലവ് വഹിക്കുമെന്നുള്ള വ്യവസ്ഥയിൽ, ഉൾപ്പെടുത്തുക.

x. ഡിപ്പാർട്ട്മെന്റ് ഓഫ് എംപ്ലോയ്മെന്റ് ആൻഡ് ട്രെയിനിങ്ങിനു വേണ്ടിയുള്ള വൈഐപി പരിപാടി **Kerala Academy for Skills Excellence (KASE)** ന്റെയും **Directorate of Employment and Training (DET)** ന്റെയും പിന്തുണയോടെ ദേശീയ, അന്തർദേശീയ സ്കിൽഫെസ്റ്റിന്റെ മാതൃകയിൽ സംഘടിപ്പിക്കുക.

**10)** വൈ ഐ പി **2022** പദ്ധതി മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**തീരുമാനം എടുക്കേണ്ട വിഷയം**

വൈ ഐ പി പദ്ധതി **2022**, മേൽ വിവരിച്ച പ്രവർത്തനങ്ങളിലൂടെ, വിവിധ സർക്കാർ വകുപ്പുകളുടെയും സർവ്വകലാശാലകളുടെയും മറ്റ് ഏജൻസികളുടെയും സമ്പൂർണ്ണ സഹകരണത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കാവുന്നതാണോ ?

**GOVERNMENT OF KERALA**
**(SHRI. PINARAYI VIJAYAN MINISTRY)**
**NOTE FOR THE COUNCIL OF MINISTERS**

| | | |
|---|---|---|
| 1. | File Number | SECINV/17/2022/PLGEA-INV |
| 2. | Department | Planning and Economic Affairs (Development & Innovation) Department |
| 3. | Subject | Implementation of the scheme Young Innovators Programme (*YIP) 2022* in the State, in collaboration with various Government departments, Universities and other agencies. |
| 4. | Date of Chief Minister order for placing before the Council | 05.11.2022 |
| 5. | (i)Does the case involve financial commitments/implications | No |
| | (ii)If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | NA (Minister for Finance has recommended the scheme) |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | Yes |
| 7. | Name of Special Secretary who submitted the Draft Note | Smt. P.P. Sajitha |
| 8. | Name of Secretary who approved the Draft Note | Dr. K.M. Abraham<br>Ex-Officio Secretary to Government, Planning and Economic Affairs (Development & Innovation) Department |
| 9. | Date of Approval of the Draft Note for the Council by the Secretary | 15.11.2022 |
| 10. | Name of Chief Secretary who approved the Draft Note | Dr. V.P. Joy |
| 11. | Date of approval of the Draft Note for the Council by the Chief Secretary | 22.11.2022 |
| 12. | Name of Minister who approved the Draft Note | Shri. Pinarayi Vijayan |
| 13. | Date of approval of the Draft Note for the Council by the Minister | 29.11.2022 |
| 14. | Date of submission of fair copies | 29.11.2022 |
| 15. | Date of decision by the Council of Ministers | |
| 16. | Number and Date of the G.O./ letter communicating the decision. | |

# Note for the Council of Ministers

1) Young Innovators Programme (YIP) is the flagship programme of Kerala Development and Innovation Strategic Council (K-DISC) that strives to embed knowledge-driven real-life problem solving and collective local action on global challenges and Kerala's second-generation developmental issues within the public education system to make it relevant and future-proof. The YIP programme is structured as an important initiative linked to Kerala's transition to the Knowledge Economy, which looks at innovation as a driver for addressing Kerala's developmental challenges and growth issues.

2) YIP has been in vogue since 2018 and has seen four cohorts so far. The programme organised with the Kerala State Startup Mission (KSUM) and the ICT Academy of Kerala (ICTAK) as partners has been structured around a three-level rigorous gated exit programme. This is followed by a mentoring which could go up to 3 years with phased exits based on challenges on Normal, Accelerated and Rapid Innovation Tracks. The programme is also supported by an innovation ecosystem with District Innovation Councils headed by District Panchayat Presidents linking research and academic institutions as well as bodies of pro-bono practitioners called Community of Practices. A web-based electronic system for ideation, institutional linkages, challenges, evaluation and mentor-mentee interaction is in place.

3) YIP 2018 saw the emergence of 17 individual winners. Over 12,000 teams have participated so far in YIP. There are around 100 marketable ideas in the pipeline. Over 110 mentors are giving guidance to the student ideators. YIP 2019 saw 16 winning teams while in YIP 2020, the number of State-level winning teams is 81. In every new instance of YIP, refinements are brought about with a view to enhancing the value offered to ideators, mentors, evaluators and other stakeholders. Mentoring is given in domain and technology, IT, business plan formulation and prototyping/ productisation.

4) In the latest edition of YIP, viz. YIP 2021, 9404 teams registered ideas and 1318 were shortlisted after preliminary evaluation. Data shows that only 15% of the ideas are from Government Schools and Colleges. There is hardly any participation of students from marginalized categories

including SC/ST, fisherfolk and differently abled. The participation of girl students is also below 10%.

5) Keeping this in mind, YIP 2022 is intended to have a focus on

1) Participation from Government Schools & Colleges, Non-Technical & Polytechnic Institutions;
2) Engagement & ownership among faculty to drive a culture of innovation in schools & colleges;
3) To strive for increased participation of Girls, SC/ST, Fisher folk and Differently abled.

Apart from that, a simple and differentiated process is devised for the institutions.

6) In this context, K-DISC held consultations jointly and individually with the Director of General Education, Director of Collegiate Education, Director of Technical Education, Director of Medical Education, Director of Ayurveda Medical Education, Principal and Controlling Officer of Homeo Education and Director of Employment and Training, Vice Chancellors of Universities, Secretary of General Education and Secretary of Labour and Skills during the months of April, May and June 2022 for effective convergence of innovation programmes in the institutions under Higher Education and General Education. Based on the feedback from the educational departments and Universities, a Scheme was proposed for implementation of YIP 2022 according to which the educational institutions participating in the programme will be classified in four categories with processes specific to each. Accordingly, students will undergo selection at block, district, zonal and state level. The programme is planned to start in mid-November 2022 and identify eventual winners by May 2023. Discussions were held with the Director of Employment and training and ITI Principals on 19th October 2022 on aspects of linking YIP with their academic and skilling programmes. Discussions were also held with KSUM on November 1st 2022 to work out integration of the innovation ecosystem with the startup ecosystem around YIP. .

7) YIP 2022 scheme has been examined and approved by various departments viz General Education, Labour, Higher Education, Health. Accordingly, amendment has been made to the timeline of the YIP 2022

Scheme. Also, it has been decided by the Director of General Education, Director - Samagra Shiksha Kerala (SSK) and Member Secretary,K-DISC to conduct the school-level programme for Government and aided schools at the block and district levels jointly with SSK.

8) Government have no additional financial liabilities while implementing the scheme. However, the Hon'ble Minister for Finance has seen the file and approved the scheme.

9) Following activities are proposed for the successful implementation of YIP 2022 scheme.

I. District-level departmental workshops shall be organised for identifying real life problems for the college level programme of YIP under the auspices of the District Innovation Councils.
II. Officials of various Government Departments shall be made to participate in the district level workshops.
III. Faculty workshops shall be organised in continuation of the Departmental Workshops by Departments of Collegiate education, Technical Education and Medical Education, Homeo and Ayurveda Education to refine the problem shelves further with academic inputs.
IV. Officials of Government Departments who are willing shall be made a part of the Communities of Practice consisting of retired and serving Government officials who will help the students to come up with innovative ideas for submission in YIP
V. Functioning of Institution Innovation Councils in Universities shall be integrated with the implementation of the YIP programme in University Departments and Colleges
VI. Innovation and Entrepreneurship Centres (IEDC) in colleges and the Research Innovation Network Kerala (RINK) developed as part of Kerala Startup Mission shall be integrated for the implementation of YIP in colleges.
VII. IEDCs in colleges and Polytechnics shall be integrated with YIP Clubs.

VIII. The Entrepreneurship Development cells (ED) run by the Industries Department in colleges shall be integrated with YIP Clubs.

IX. Ideator groups from unaided schools shall be included in the block and district level workshops being conducted for the YIP – Shasthrapadham Scheme jointly with Samagra Shiksha Kerala on condition that their expenses would be borne by K-DISC.

X. YIP for Department of Employment and Training shall be organized as a Skill-fest in the model of the national and international Skill-fest with the support of the Kerala Academy of Skill Excellence (KASE) and DET.

10) The Honourable Chief Minister has ordered to place the *YIP 2022 Scheme* before the council of ministers.

**Point for Decision**

Whether the *YIP 2022* scheme covering the aforementioned activities shall be implemented in the State, in collaboration with various Government departments, Universities and other agencies ?